**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1849** **04-02-2026 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ ഗതാഗത വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗതാഗത വകുപ്പ് മുഖേന ആലത്തൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; അതിനായി ചെലവഴിച്ച തുകകൾ എത്രയെന്നും വിശദമാക്കാമോ? | (എ) | ആലത്തൂർ മണ്ഡലത്തിലെ യാത്രാ ക്ലേശം നിലനിൽക്കുന്ന പ്രദേശങ്ങളിലേക്ക് പര്യാപ്തമായ റൂട്ടുകൾ കണ്ടെത്തുന്നതിനും പുതിയ ബസ് സർവീസുകൾ ആരംഭിക്കുന്നതിനും ബഹു ആലത്തൂർ എം എൽ.എ, ശ്രീ.കെ.ഡി പ്രസേനൻ, തരൂർ എം എൽഎ ശ്രീ. പി.പി സുമോദ് എന്നിവരുടെ നേതൃത്വത്തിൽ നടന്ന ജനകീയ സദസ്സ് പ്രകാരം കണ്ടെത്തിയ പുതിയ ബസ്റൂട്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. വാണിയമ്പാറ- വടക്കഞ്ചേരി( വഴികല്ലിങ്കൽ പാടം)<br><br>2. ആലത്തൂർ- വടക്കഞ്ചേരി(വഴി ആറങ്ങാട്ട് കാവ് പാലം)<br><br>3. ആലത്തൂർ -വടക്കഞ്ചേരി (വഴി എസ്.എൻ.കോളേജ്)<br><br>4. വടക്കഞ്ചേരി-മംഗലം ഡാം(വഴി പാളയം )<br><br>സർക്കാർ പുതുതായി രൂപീകരിക്കാൻ തീരുമാനിച്ച 503 ബസ് റൂട്ടുകൾ സംബന്ധിച്ച് 23.10.2025 തീയതിയിലെ B1/7/2025/TRANS നമ്പറായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാകുന്നു. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ